LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്തു റോഡുകളുടെ വികസനം

49 [630] *ശ്രീ. എം. എ. വാഹീദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പഞ്ചായത്ത് റോഡുകൾ (കിലോമീറ്ററിൽ) പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്; ഇങ്ങനെ ഏറ്റെടുത്ത റോഡുകളുടെ പുനരുദ്ധാരണ പണികൾ വകുപ്പ് ചെയ്യുന്നുണ്ടോ;

(ബി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിനായി നിഷ്ക്കർഷിച്ചിട്ടുള്ള മാനദണ്ഡം വിശദീകരിക്കുമോ?

ഉത്തരം

(എ) 11434 കി. മീറ്റർ റോഡുകൾ (ODR + VR) ഏറ്റെടുത്തിട്ടുണ്ട്. ബഡ്ജറ്റിൽ ലഭ്യമായ തുകയ്ക്കുള്ളിൽ നിന്നുകൊണ്ട് പരമാവധി പണികൾ ഏറ്റെടുത്തു വരുന്നുണ്ട്.

(ബി) ഏറ്റെടുക്കുവാനുദ്ദേശിക്കുന്ന റോഡ്:

(1) രണ്ട് പൊതുമരാമത്തു റോഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതായിരിക്കണം.

(2) ഒന്നിൽ കൂടുതൽ പഞ്ചായത്തുകളിൽ കൂടി കടന്നുപോകുന്നവയായിരിക്കണം.

(3) ബസ്സ് സർവ്വീസ് ഉണ്ടായിരിക്കണം.

(4) 8 മീറ്റർ വീതിയിൽ റോഡ് നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ബന്ധപ്പെട്ട പഞ്ചായത്ത് സൗജന്യമായി നൽകണം.

മുകളിൽ പറഞ്ഞവയിൽ (4) നിർബന്ധമായും പാലിച്ചിരിക്കണം. മറ്റുള്ളവയിൽ ഏതെങ്കിലും ഒന്ന് തൃപ്തികരമാണെങ്കിലും റോഡ് ഏറ്റെടുക്കാവുന്നതാണ്.

പൊതുമരാമത്ത് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന റോഡുകൾ

50 [631] *ഡോ. എ. നീലലോഹിതദാസൻ നാടാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തൊട്ടാകെ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന റോഡുകൾ എത്ര; ഇതു സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) കോവളം നിയോജകമണ്ഡലത്തിൽ അപ്രകാരം എത്ര റോഡുകളാണ് ഏറ്റെടുക്കാനുദ്ദേശിക്കുന്നതെന്നും അവ ഏതെല്ലാമെന്നും എന്നത്തേക്ക് ഏറ്റെടുക്കുമെന്നും വിശദമാക്കാമോ?